# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.70, 04/06/2018-ൽ മറുപടിക്ക്

### 'ഡെപ്യൂട്ടേഷന് ശേഷം റിപ്പോർട്ട് ചെയ്ത ദിവസം മുതൽ ശമ്പളം'

| ചോദ്യം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് എം.എൽ.എ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | കേന്ദ്ര സംസ്ഥാന മന്ത്രിമാർ, ഗവർണ്ണർ, എം.എൽ.എ.മാർ, എം.പി.മാർ, പ്രതിപക്ഷ നേതാവ് മുതലായവരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ളവർ ഡെപ്യൂട്ടേഷൻ കഴിഞ്ഞ് തിരികെ മാതൃസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്താൽ അവർക്ക് പോസ്റ്റിംഗ് നൽകേണ്ട ഉത്തരവാദിത്തം ആർക്കാണ്; | (എ) പോസ്റ്റിംഗ് നൽകേണ്ട ഉത്തരവാദിത്തം മാതൃവകുപ്പിനാണ്. |
| (ബി) | ഇത്തരത്തിൽ നിയമിക്കപ്പെടുന്ന വ്യക്തിക്ക് ഡെപ്യൂട്ടേഷന് ശേഷം റിപ്പോർട്ട്ചെയ്ത ദിവസം മുതൽ കെ.എസ്.ആർ. പ്രകാരം ജോലിയിലായതായി പരിഗണിച്ച് ശമ്പളം നൽകേണ്ടതായിട്ടുണ്ടോ; | (ബി) ബന്ധപ്പെട്ട സ്ഥാപനത്തിന് കെ.എസ്.ആർ. ബാധകമാക്കിയിട്ടുണ്ടെങ്കിൽ ഡെപ്യൂട്ടേഷനു ശേഷം ഡ്യൂട്ടിക്ക് റിപ്പോർട്ടുചെയ്ത ദിവസം മുതൽ ചുമതലയേറ്റെടുത്ത ദിവസം വരെ കെ.എസ്.ആർ. ഭാഗം ഒന്ന് ചട്ടം 12(7) ന് ചുവടെയുള്ള നോട്ട് 4 പ്രകാരം ടിയാന്റെ തസ്തികയിൽ ഒഴിവുണ്ടെങ്കിൽ ഡ്യൂട്ടിയായി ക്രമീകരിച്ച് ശമ്പളം നൽകാവുന്നതാണ്. |
| (സി) | ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത ദിവസം മുതലുള്ള ഫയൽ പ്രോസസ്സിംഗിന് എടുത്ത സമയത്തിന് ടിയാനാണോ ഉത്തരവാദി എന്നറിയിക്കുമോ; | (സി) ടിയാൻ ഉത്തരവാദിയല്ല. |
| (ഡി) | അപ്രകാരം അല്ലെങ്കിൽ പേഴ്സണൽ സ്റ്റാഫ് നിയമനം വിടുതൽ ചെയ്ത് അതേ ദിവസംതന്നെ മാതൃ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത ദിവസം മുതൽ ടിയാന് ഡ്യൂട്ടിയായി പരിഗണിച്ച് ശമ്പളം നല്കാൻ കർശന നിർദ്ദേശം നൽകുമോ? | (ഡി) പ്രസക്തമല്ല. |

Shallal

**സെക്ഷൻ ഓഫീസർ**